## മിന്നാമിനുങ്ങ്

തമസ്സിൽ മിന്നിമിന്നി തെളിയും ദീപമേ,
നീ മിന്നാമിനുങ്ങോ, വഴികാട്ടിയോ?
തപ്പിതടഞ്ഞ് വീഴുമ്പോളെനിക്കു താങ്ങായ്,
ഒരുകൂട്ടായ്, അഭയമായ് നിൽക്കുമോ?

ഇരുട്ടിന്റെ ഘോരമാം കൊടും കാട്ടിലൂടെ,
തനിയെ പോകാനുമാവില്ലെനിക്ക്;
തോളോടു തോളുരുമ്മി നിന്ന് നയിക്കണേ,
ചിറകിന്റെ കീഴിലെന്നെ ചേർക്കണേ.

ഏകാന്ത പഥികനാണു ഞാൻ നിരാലംബൻ,
അത്താണി കാണാതുഴറുന്നൊരുവൻ;
പോരട്ടെ ഞാനും നിൻ പിറകെ ധൈര്യമായ്,
ഇത്തിരിവെട്ടം തന്നു വഴികാട്ടണെ.

മണിവിളക്കേ! നീ നൽകുമാ തിരിവെട്ടത്തിൽ,
കണ്ടെത്തട്ടെ ഇവിടെയെൻ താവളം;
വിശ്രമിക്കട്ടെയീ ശീതളഛായയിലൽപം,
എല്ലാം മറന്നൊന്നാശ്വസിക്കട്ടെ.

മറക്കട്ടെയെൻ ജീവിത ഭാരങ്ങളെല്ലാം,
ഉണരട്ടെ ഒരു നറുമലരായ്;
പറന്നു വിലസുക വാനിൽ,
എൻ ഹൃദയശുദ്ധി തൻ പ്രത്യാശയായിനീ.



തന്ത്രികൾ പൊട്ടിത്തകർന്ന നിൻ വീണയിൽ-
അപസ്വരങ്ങളുതിർക്കാതെ മീട്ടണം,
ഹൃദയമിടിപ്പിന്റെ താളപ്പിഴകളിൽ;
താളം തെറ്റാതെ അയയാതെ പാടണം.

കരയുവാൻപോലും അനുവാദമില്ലിവിടെ-
സ്ത്രീകൾ തൻ കണ്ണീർ വീഴരുത് തറവാട്ടിൽ;
അനിഷേദ്ധ്യ നിയമങ്ങൾ ലംഘിക്കാൻ പാടില്ല,
നിയതിതൻ കൈക്കീഴിൽ അമർന്നുകൊൾക.

ശ്രമിച്ചതില്ലാരും കണ്ടെത്തുവാൻ നിന്നെ,
തൊട്ടറിഞ്ഞതില്ല നിൻ അന്തഃസത്തയെ;
എന്തെന്നാൽ ക്ഷമയാധരിത്രീ നീ ചുമക്കുന്നു,
ഈ ലോകത്തിൽ ഭാരിച്ച കുരിശുകളത്രയും.

നന്മയെയോർത്തു നിൻ നാഥനായർപ്പിക്കൂ,
മക്കൾക്കുവേണ്ടി സഹിക്കണം സർവ്വവും;
കാലം തീർക്കും അരക്കില്ലത്തിൽ നീയപ്പോൾ,
വാഴും, രാജ്ഞിയായ്, അമ്മയായ്, അമ്മൂമ്മയായ്.

ത്യാഗമാണു സ്നേഹം, സ്നേഹമാണഖിലം,
അതൊന്നു മാത്രമീ ധരിത്രിതൻ സത്യം;
സർവ്വംസഹമായ സ്ത്രീ തന്നെ പ്രപഞ്ചം,
അവൾ തൻ കണ്ണീരിലൂടൊഴുകുന്നീ പുണ്യം.